# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
## 2019 ജൂൺ 14, വെള്ളി
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾ

### പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റഡ് ആന്വൽ സ്റ്റേറ്റ്മെന്റ്

| | ചോദ്യം | മറുപടി |
|---|---|---|
| 2288 | **ശ്രീ. പി.സി.ജോർജ്** | **ഡോ.റ്റി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ. | പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റഡ് ആന്വൽ സ്റ്റേറ്റ്മെന്റിനെക്കുറിച്ച് അതത് സ്ഥാപനങ്ങളുടെ വാർഷിക ജനറൽ ബോഡിയിൽ സമർപ്പിക്കുന്നതിനു വേണ്ടി ധനവകുപ്പ് നൽകിക്കൊണ്ടിരിക്കുന്ന കമന്റ്സ് നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ: എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റഡ് ആന്വൽ സ്റ്റേറ്റ്മെന്റിനെക്കുറിച്ച് അതത് സ്ഥാപനങ്ങളുടെ വാർഷിക ജനറൽ ബോഡിയിൽ സമർപ്പിക്കുന്നതിനു വേണ്ടി ധനവകുപ്പ് നൽകിക്കൊണ്ടിരിക്കുന്ന കമന്റ്സ് നിർത്തലാക്കുവാൻ 24/12/2018 ലെ സ.ഉ(കൈ).നം. 505/2018/ധന നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് (അനുബന്ധം.1) കാണുമല്ലോ. |
| ബി | പ്രസ്തുത ഉത്തരവ് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കാമോ ? | പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് അറിയുവാനും സാമ്പത്തിക അച്ചടക്കം നിലനിർത്തുന്നതിനായിട്ടുമാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ വാർഷിക ജനറൽ ബോഡി കൂടുന്നതിന് ഈ നടപടി കാലതാമസം ഉണ്ടാകുന്നു എന്നതിനാൽ, കമ്പനികളുടെ നിരന്തരമായ അഭ്യർഥന മാനിച്ചുകൊണ്ടും വാർഷിക ധനകാര്യ പത്രികയിന്മേൽ (Annual Financial Statement) ധനകാര്യവകുപ്പിന്റെ അഭിപ്രായം നിർബന്ധമാണ് എന്ന് 2013 ലെ കമ്പനി നിയമത്തിൽ വിവക്ഷിക്കാത്ത സാഹചര്യത്തിലുമാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റഡ് ആന്വൽ സ്റ്റേറ്റ്മെന്റിനെക്കുറിച്ച് ധനകാര്യ വകുപ്പ് കമന്റ്സ് നൽകുന്ന നടപടി അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. |

സെക്ഷൻ ഓഫീസർ

LAQ No 2288

അനുബന്ധം-1

GOVERNMENT OF KERALA

Abstract

**Finance Department- Annual Accounts of Public Sector Undertakings- Discontinue the existing practice of offering Comments by Finance Secretary - Orders issued**

**FINANCE (PUBLIC UNDERTAKING -A) DEPARTMENT**

**G.O.(Ms)No. 505/2018/FIN Dated, Thiruvananthapuram, 24/12/2018**

Read :- 1. Circular.No. 38/2015/Fin dated 30.03.2015
2. Companies Act, 2013.

**ORDER**

The Annual Accounts of Public Sector Undertakings are now forwarded to Finance Department for obtaining the comments of Finance Secretary. In the circular read above, Public Sector Undertakings were directed to furnish certain required details while forwarding their Annual Accounts for the comments of Finance Secretary. However this process is not mandatory as per Companies Act, 2013.

Government have examined the matter in detail and are pleased to discontinue the practice of offering comments by the Finance Secretary on the Annual Accounts of Public Sector Undertakings. All other instructions issued in circular read above should be complied with while submitting the Annual Accounts to Finance Department.

By order of the Governor,
DR. SHARMILA MARY JOSEPH IAS
SECRETARY (FINANCE EXPENDITURE)

To:

The Principal Accountant General (Civil & Commercial Audit), Kerala, Thiruvananthapuram.
The Principal Accountant General (Audit & Entitlement), Kerala, Thiruvananthapuram.
The Accountant General (E&RSA), Kerala, Thiruvananthapuram.
All Principal Secretaries/Secretaries/Special Secretaries to Government
Chief Executive Officers/Managing Directors of all Public Sector Undetakings
Planning & Economic Affairs (BPE) Department
Parliamentary Affairs Department
Nodal Officer WWW.Finance.Kerala.gov.in .
Stock file/Office copy

Forwarded/by order

Section Officer